# മനുഷ്യാ നിനക്ക് ഒരു മാറ്റം വേണം

## മീഖാ 6:8

"മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു?"

മീഖാ പ്രവാചകന്റെ ശബ്ദം, മനുഷ്യ സ്വഭാവത്തിന്മേൽ ശക്തമായ സ്വാധീനം ചെലുത്തുന്ന ഒന്നാണ് താഴ്മ, പെരുമാറ്റത്തിലോ മനോഭാവത്തിലോ ഉള്ള എളിമ. ഇന്ന് ലോകത്തിൽ പ്രബലമായ മനോഭാവം ഏതാണ്? അഹങ്കാരം. അഹങ്കാരം ഇന്ന് ലോകത്തിന്റെ ഒരു ശാപം ആയിരിക്കുകയാണ്. ഇതു ലോകത്തിൽ എവിടെയും കാണാം. വചനം പറയുന്നതു പോലെ "അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായിരിക്കും." (2 തിമൊഥെയൊസ് 3:1-4).

പ്രിയമുള്ളവരേ, യെഹോവ താഴ്മയുള്ളവരോടു കൂടെയാണ്. താഴ്മയുള്ളവരെ യഹോവ അനുഗ്രഹിക്കുന്നു. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (ലൂക്കോസ് 18:14)

ലോകത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു സ്വഭാവം നട്ടു വളർത്താനാണ് യേശു കർത്താവു നമ്മെ പഠിപ്പിച്ചത്. അവൻ "സൌമ്യതയുള്ളവർക്കു തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു." 138 ാം സങ്കിർത്തനത്തിൽ പറയുന്നു യെഹോവ ഉന്നതൻ എങ്കിലും താഴ്മായുള്ളവനെ കടാഷിക്കുന്നു. ദൈവത്തിന്റെ കടാഷം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമോ, നമുക്ക് വേണ്ട ഏറ്റവും വലിയ ഗുണമാണ് താഴ്മ – താഴ്മ അഭിനയിച്ചത് കൊണ്ട് കാര്യമില്ല അഭിനയിച്ചാൽ യെഹോവ അവനെ ദൂരത്തു നിന്നും അറിയുന്നു. നല്ലതു എന്താണ് എന്ന് നമ്മുടെ കർത്താവ് നമുക്ക് കാണിച്ചു തന്നിട്ട് ഉണ്ട്. ആ നല്ലതു എന്ത് എന്ന് മനസിലാക്കാതെ നാം അഭിനയിച്ചാൽ ദൈവം പ്രസാദിക്കുകയില്ല, പിന്നയോ അവിടുന്ന് പ്രസാദിക്കുന്നതു താഴ്മ ഉള്ള ഹൃദയത്തിൽ മാത്രമാണ്. താഴ്മായുള്ളടത്തു അനുഗ്രഹമുണ്ട്.

നാം ഈ ലോകത്തിൽ എന്തൊക്കെ ചെയ്താലും, എന്തൊക്കെ കാര്യങ്ങൾ നടത്തിയാലും, എന്തൊക്കെ നേടിയാലും താഴ്മയില്ലായെങ്കിൽ മനുഷ്യാ എന്തു പ്രയോജനം. ഞാൻ വലിയവനാണ്, ഞാൻ ശ്രേഷ്ഠനാണ്, ഞാൻ യോഗ്യനാണ് എന്ന ചിന്ത നമ്മിൽ വന്നിട്ടില്ലേ. ഇതു പണ്ട് ശിഷ്യന്മാരിലും വന്നിട്ട് ഉണ്ട്. മാർക്കോസിന്റെ സുവിശേഷം 9 അദ്ധ്യായത്തിൽ നമുക്ക് കാണാം താഴ്മയുടെ മനോഭാവം ഇല്ലാത്തവരെ, ശിഷ്യന്മാരിൽ ഒരാൾക്ക് തന്നെ മറ്റൊരാൾ ഭരിക്കുന്നതും നിയന്ത്രിക്കുന്നതും ഒട്ടും സഹിക്കുന്നില്ല. അവർ പരസ്പരം മത്സരിക്കുന്നു.

വഴിയിൽ വച്ച് നിങ്ങൾ തമ്മിൽ എന്തായിരുന്നു തർക്കവും വാദവും എന്ന് യേശു അവരോടു ചോദിക്കുന്നു (**മാർക്കോസ് 9:33**). നിങ്ങൾ എന്ത് നേടിയെടുക്കാനാണ് തന്ത്രപ്പെടുന്നത് (**ലൂക്കോസ് 22:24**). യേശു അവരുടെ ജഡികസ്വഭാവത്തെ തിരിച്ചറിഞ്ഞു, ആരാണ് യഥാർത്ഥത്തിൽ വലിയവൻ എന്ന് പറഞ്ഞു അവരെ ഉപദേശിച്ചു. ഒരു ശിശുവിനെ അവരുടെ ഇടയിൽ നിർത്തിയതിനു ശേഷം ഉപദേശിച്ചു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങിനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈകൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു (**മത്തായി 18:4–5**). ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം. (**മാർക്കോസ് 9:35**)

ഒരു ദൈവപൈതലിന്റെ മനസ്സിൽ ജഡാഭിലാഷത്തിനോ, അഹങ്കാരത്തിനോ സ്ഥാനമില്ല. നമ്മുടെ നായകൻ കാണിച്ചു തന്ന പാതയിൽക്കൂടി വിശ്വസ്തയോടെ നടക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. നമ്മുടെ നായകൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ, ദാസരൂപം എടുത്തു നമ്മളെ പോലെ ഒരുവനായി തന്നത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം യാഗമായി തീർന്നു. പ്രിയപെട്ടവരെ ദൈവം നമ്മുടെ കൂടെ വസിക്കണമോ താഴ്മയോടെ, വിനയത്തോടെ ജീവിക്കാൻ നമുക്ക് സാധിക്കണം. പിതാവായ ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് യേശുവിന്റെ പാത നാം പിന്തുടർന്നു ജയാളിയായി കാണുവാനാണ്.

ക്രിസ്തുവിന്റെ ഉപദേശവും മാതൃകയും മനസിലാക്കി യഥാർത്ഥ താഴമയോടുകൂടി, നമ്മിൽ നാം അറിയാതെ രൂപപ്പെട്ട സകല അന്ധകാര ശക്തിയും ഉപേക്ഷിച്ചു, പൂർണമായും താഴ്മയുള്ളവരായി, വിനയമുള്ളവരായി ജീവിപ്പാൻ നമുക്ക് സാധിക്കട്ടെ. ലോകം മാനിക്കാത്ത ദൈവമക്കളുടെ താഴ്മ സ്വർഗം മാനിക്കും. അതിനാൽ തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊള്ളുവീൻ. അതിനുള്ള കൃപ അവിടുന്ന് നമുക്ക് നൽകുമാറാകട്ടെ. ആമീൻ.

പരാമർശം

1 പത്രോസ് 5:5,6,7

5 അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ; ദൈവം നിഗളികളോടു എതിർത്തുനില്ക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നല്കുന്നു;

6 അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ.

7 അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 006